Draft #2 of File 1500/P&D-II/1/2021 Approved by DEPUTY REGISTRAR (P & D) on 23-Oct-2021 04:47 PM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മഹാത്മാ ഗാന്ധി സർവ്വകലാശാലയും റബ്ബർ ബോർഡും തമ്മിൽ ഗവേഷണത്തിനും ട്രെയിനിങ് പാർട്ടണർഷിപ്പിനും പരസ്പരസഹകരണത്തിനായി ധാരണാപത്രം ഒപ്പിടുന്നതിന് മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3 സെക്ഷൻ 10(17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവാകുന്നു.

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 2**

നമ്പർ. 5642/P&D 2/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 27.10.2021

---

*പരാമർശം:*-1) 29.06.2021 ൽ റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടറും മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി ഒഫീഷ്യൽസും തമ്മിൽ നടന്ന മീറ്റിംഗിന്റെ മിനുട്സ്

2) സർവ്വകലാശാല ഉത്തരവ് നമ്പർ 3039/P&D 2/2021/MGU തീയതി 02.07.2021

**ഉത്തരവ്**

പരാമർശം 1 പ്രകാരം, Collaboration between Mahatma Gandhi University and Rubber Board എന്ന വിഷയവുമായി ബന്ധപ്പെട്ട് റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടറും മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി ഒഫീഷ്യൽസും തമ്മിൽ ബഹു: വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ ഒരു യോഗം ചേരുകയും പരസ്പരസഹകരണത്തിനായുള്ള വിവിധ ശുപാർശകൾ മുന്നോട്ട് വയ്ക്കുകയുമുണ്ടായി. ടി ശുപാർശകൾ ബഹു: വൈസ് ചാൻസലർ അംഗീകരിക്കുകയും ആയത് പരാമർശം 2 പ്രകാരം സർവ്വകലാശാല ഉത്തരവായി പുറത്തിറങ്ങുകയും ചെയ്തിട്ടുണ്ട്.അതിനെ തുടർന്ന് മഹാത്മാ ഗാന്ധി സർവ്വകലാശാലയും റബ്ബർ ബോർഡും തമ്മിൽ ഗവേഷണത്തിനും ട്രെയിനിങ് പാർട്ടണർഷിപ്പിനു പരസ്പരസഹകരണത്തിനായി ധാരണാപത്രം ഒപ്പു വയ്ക്കുന്നതിന് പ്രസ്തുത സഹകരണത്തിന്റെ നോഡൽ ഓഫീസറായ ഡോ.ജയചന്ദ്രൻ കെ.(പ്രൊഫസർ&ഹെഡ്,സ്കൂൾ ഓഫ്ബയോസയൻസസ്) കരട് ധാരണാപത്രം ഉൾപ്പെടെ അപേക്ഷ സമർപ്പിച്ചിരുന്നു.

സർവ്വകലാശാല ലീഗൽ വിഭാഗം പ്രസ്തുത അപേക്ഷ പരിശോധിക്കുകയും ധാരണാപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള നിബന്ധനകളിൽ സർവകലാശാലയുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായൊന്നും കാണുന്നില്ല എന്ന് റിപ്പോർട്ട് ചെയ്യുകയും പ്രസ്തുത ധാരണാപത്രത്തിൽ ഒപ്പു വയ്ക്കാവുന്നതാണെന്നു ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ,പ്രസ്തുത സഹകരണത്തിന്റെ ആവശ്യകതയും അടിയന്തര സ്വഭാവവും മുൻനിർത്തി,മഹാത്മാ ഗാന്ധി സർവ്വകലാശാലയും റബ്ബർ ബോർഡും തമ്മിൽ ഗവേഷണത്തിനും ട്രെയിനിങ് പാർട്ടണർഷിപ്പിനും പരസ്പരസഹകരണത്തിനായി ധാരണാപത്രം ഒപ്പു വയ്ക്കുന്നതിന് മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3 സെക്ഷൻ 10(17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവാകുന്നു.

തദനുസരണം ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

ഷാനവാസ് കെ

ഡപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.Prof.Dr. Jayachandran K. (Nodal Officer in M.G. University for establishing collaboration between Rubber Board)
2. വി.സി./ പി.വി.സി . എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ- മാർ
4. Dr. K.N. Raghavan IRS (Executive Director of Rubber Board)
5. Prof.Dr. Robinet Jacob (Director,IQAC M.G.University)
6. Sanu Xavier (Technical projects and operations head)
7. എ.സി സി . സെക്ഷൻ
8. സി .എം.എസ്. / ഐ.ക്യൂ.എ.സി. / സ്റ്റാറ്റിറ്റിക്സ് യൂണിറ്റ്
9. റെക്കോർഡ് സെക്ഷൻ / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 1500/P&D-II/1/2021 Approved by DEPUTY REGISTRAR (P & D) on 23-Oct-2021 04:47 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം